**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3701** **14-07-2022 - ൽ മറുപടിയ്ക്ക്**

**സെൻട്രൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി.അൻവർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട് .<br><br>• താറാവുകളിൽ മരണകാരണമാകുന്ന പ്രധാന ബാക്ടീരിയ രോഗമായ റൈമെറോലോസിസ് രോഗത്തിന് ഫലപ്രദമായ ഒരു അണുനിഷ്ക്രിയ **(inactivated)** വാക്സിന്റെ സാങ്കേതിക വിദ്യ മണ്ണുത്തി വെറ്ററിനറി കോളേജിലെ മൈക്രോബയോളജി വിഭാഗം വികസിപ്പിച്ചെടുത്തിട്ടുണ്ട് .ഈ വാക്സിന്റെ സാങ്കേതിക വിദ്യ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട് .<br>• വിരമരുന്നുകളുടെ വിവേചന പൂർണ്ണമായ ഉപയോഗത്തിന് കർഷകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആട്ടുകളിലെ വിരബാധയുടെ തോത് അറിയുന്നതിലേക്കായി **Haemocheck**എന്ന വിളർച്ച സൂചിക കാർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br>• സർവകലാശാലയുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി നബാർഡിന്റെ ധനസഹായത്തോടുകൂടി "**Central Diagnostic Laboratory**" എന്ന പേരിൽ **State of Art Laboratory** സൗകര്യം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ മണ്ണുത്തി ക്യാംപസ് അടിസ്ഥാനമാക്കി നടന്നു വരുന്നുണ്ട് . |

- മണ്ണുത്തി പൗൾട്ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി മാലിന്യം മികച്ച ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയും കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട് .

മണ്ണുത്തി കോളേജിലെ ന്യൂട്രീഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ മൃഗങ്ങൾക്കായി അവരുടെ ഉൽപ്പാദന ഘട്ടങ്ങൾക്കനുയോജ്യമാകും വിധം നൽകാവുന്ന വിധത്തിൽ ഉള്ള പതിമൂന്ന് തരം കാലിത്തീറ്റകൾ വികസിപ്പിച്ചെടുക്കുകയും വിതരണം നടത്തുകയും ചെയ്തുവരുന്നു . കർഷകർക്ക് അവരുടെ കാലിത്തീറ്റയുടെ ഗുണനിലവാരപരിശോധന നടത്തുവാനുള്ള ലബോറട്ടറി സൗകര്യവും ഈ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ലഭ്യമാണ് .

- മണ്ണുത്തി കോളേജിലെ മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ വിവിധതരം മൂല്യവർധിത ഉൽപ്പന്നങ്ങളും നായ്ക്കൾക്കു ഭക്ഷ്യയോഗ്യമായ പെറ്റ് പാസ്ത എന്ന ഉല്പന്നവും വിതരണം നടത്തി വരുന്നു . കൂടാതെ അറവ് മാലിന്യം മികച്ച വളമാക്കി മാറ്റി വിതരണം നടത്തി വരുന്നുണ്ട് .
- മണ്ണുത്തി ക്യാംപസിൽ സ്ഥാപിതമായിട്ടുള്ള ഇക്കോ ഫാം, വിവിധ ജൈവകൃഷിക്കും സങ്കര കൃഷി രീതിയ്ക്കും ആവിശ്യമായ വിവിധ തരം ജൈവ ഉൽപ്പന്നങ്ങളുടെ വിതരണം നടത്തി വരുന്നു.
- മണ്ണുത്തി കോളേജ് എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ "വിജ്ഞാനജാലകം പാടത്തിൽ നിന്നും പാഠശാലയിലേയ്ക്ക്" എന്ന പേരിൽ വിദ്യാർത്ഥികൾക്ക് കർഷകരുമായി സംവദിക്കുന്നതിനും കൃഷികളിലെ പ്രായോഗിക അറിവുകൾ നേടുന്നതിനും നേതൃപാടവവും വിജ്ഞാന വ്യാപനശേഷിയും വളർത്തിയെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കി.
- മണ്ണുത്തി ക്യാംപസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി ക്യാംപസിലെ ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന നൂറ് ഏക്കർ സ്ഥലത്തെ ജലവാർച്ച ഉപയോഗപ്പെടുത്തും വിധം ഒരു മിനി റിസർവോയർ സ്ഥാപിച്ചു .
- മണ്ണുത്തി കോളേജിന് കീഴിലുള്ള വിവിധതരം ഡിപ്പാർട്ട്മെന്റുകളുടെയും

| | | | |
|---|---|---|---|
| | | | ആശുപത്രികളുടെയും നേതൃത്വത്തിൽ മൃഗങ്ങളിലെ വിവിധ രോഗങ്ങളുടെ നിർണ്ണയവും ചികിത്സയും ലഭ്യമാക്കുന്നുണ്ട് . കൂടാതെ ജനങ്ങൾക്കായി അവരുടെ വീട്ടുകളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ് . |
| (ബി) | സർവ്വകലാശാലയുടെ ഗവേഷണപ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി സെൻട്രൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി എന്ന പേരിൽ സ്റ്റേറ്റ് ഓഫ് ആർട്ട് ലബോറട്ടറി സൗകര്യം നടപ്പാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് ക്യാംപസിൽ നബാർഡിന്റെ സഹായത്തോടെ "Establishment of referral analytical and diagnostic laboratory for supporting livestock farming and diagnosis of Zoonotic diseases" എന്ന പേരിൽ RIDF പദ്ധതിക്ക് അനുമതി നൽകുകയും, ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് Central Public Works Department-നെ ചുമതലപ്പെടുത്തുകയും , 2024 ഓടെ പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് . കൂടാതെ RKVY പദ്ധതിയുടെ കീഴിൽ " Establishment of state of art large animal surgical teaching facility in the Dept. of Surgery & Radiology" , എന്ന പേരിലുള്ള പദ്ധതിയിലും " Establishment of State of art laboratories for diagnoses , research, teaching and demonstration facilities in the field of tick &tick borne disease for the mitigation of economic losses to the livestock farmers" എന്ന പദ്ധതിയിലും സർവകലാശാലയിൽ State of the Art Laboratory കൾ നിർമ്മിച്ചിട്ടുണ്ട് . |
| (സി) | മണ്ണുത്തി പൗൾട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി മാലിന്യങ്ങൾ മികച്ച ജൈവവളമാക്കി മാറ്റുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്കരിച്ച ഹാച്ചറി മാലിന്യം കാർഷികാവശ്യത്തിനായി ഉപയോഗിക്കാമെന്നും അവയുടെ ഗുണനിലവാരം മികച്ചതാണെന്നും കാർഷിക സർവകലാശാലയിൽ നിന്നും ലഭിച്ച പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് . |
| (ഡി) | ഹാച്ചറി മാലിന്യങ്ങളും മറ്റു മാലിന്യങ്ങളും മികച്ച ജൈവവളമാക്കി മാറ്റുന്നതിനും അവ കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഹാച്ചറി മാലിന്യങ്ങൾ ജൈവവളം ആക്കുന്നതിന് രാസവസ്തുക്കളും വൈദ്യുതിയും ആവശ്യമായതിനാൽ പുതിയ ചെലവ് കുറഞ്ഞ കമ്പോസ്റ്റിംഗ് രീതികളുടെ പരീക്ഷണം നടന്നു വരുന്നു . അവ പൂർത്തിയാകുന്ന മുറയ്ക്ക് കുറഞ്ഞ ചെലവിൽ കർഷകർക്ക് ജൈവവളം ലഭ്യമാക്കാൻ സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ